കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തഴക്കര ഗ്രാമപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നത് - പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 27/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 05.01.2019

പരാമർശം :- 1. തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2018-ലെ കത്ത് .
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/11/2018-ലെ 4.40 നമ്പർ തീരുമാനം .

## ഉത്തരവ്

തഴക്കര ഗ്രാമപഞ്ചായത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 25.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നു നൽകിയതിനാൽ തനത് ഫണ്ട് ഉപയോഗിച്ച് എടുത്ത മറ്റു പ്രോജക്ടുകൾക്ക് നൽകാൻ ഫണ്ടില്ലാത്ത സാഹചര്യത്തിൽ തനത് ഫണ്ട് വകയിരുത്തിയ 4 പ്രോജക്ടുകൾ ഒഴിവാക്കുന്നതിനും 10 പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വികസനഫണ്ട് ഉപയോഗിക്കാനുമുള്ള അനുമതിക്കായി തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.11.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. മതിയായ തനത് ഫണ്ട് ലഭ്യമല്ല എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം എന്ന നിബന്ധനയോടെ തനത് ഫണ്ട് വകയിരുത്തിയ 4 പ്രോജക്ടുകൾ ഒഴിവാക്കുന്നതിനും 10 പ്രോജക്ടുകൾ ഭേദഗതി ചെയ്ത് വികസനഫണ്ട് ഉപയോഗിക്കുന്നതിനും പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തഴക്കര ഗ്രാമപഞ്ചായത്ത്,ആലപ്പുഴ .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്